# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2136 — 07-07-2015-ൽ മറുപടിക്ക്

### യുവ സംരംഭകർക്ക് പ്രോത്സാഹനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | (എ) യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്കൂൾ, കോളേജ് തലത്തിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ED Club) സർക്കാർ ഗ്രാന്റോടെ പ്രവർത്തിച്ചു വരുന്നു. സംരംഭകത്വ സഹായ പദ്ധതി (ESS), പി.എം.ഇ.ജി.പി. തുടങ്ങിയ പദ്ധതികളിലും യുവ സംരംഭകർക്ക് പ്രത്യേക പരിഗണന നൽകി വരുന്നു. ബോധവത്ക്കരണ ക്ലാസ്സുകൾ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയവയും നടത്തിവരുന്നു. യുവ സംരംഭകർക്ക്, നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിക്കായി 2014-15 ബഡ്ജറ്റ് വിഹിതത്തിൽ 500 ലക്ഷം രൂപ നീക്കി വച്ചിരുന്നു. യുവസംരംഭകർക്ക് സഹായം നൽകുന്ന 'Seed fund to youth' എന്ന പദ്ധതിയുടെ കരട് സർക്കാർ പരിശോധിച്ചു വരുന്നു.<br><br>കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി / യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ |

നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്, കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കുവച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും, അല്ലാതെയും ഏകദേശം 4000 ത്തോളം യുവതി യുവാക്കളാണ് യുവസംരംഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

(ബി) ഇതിലൂടെ നടപ്പാക്കാൻ കഴിഞ്ഞ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

(ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ നടത്തുന്ന യുവ വ്യവസായ സംരംഭകർക്ക് സംരഭകത്വ സഹായ പദ്ധതിയിലൂടെ സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 20% സബ്സിഡിയായി നൽകി വരുന്നു. സഹായം നൽകുന്ന പരമാവധി തുക 30 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇതിനു പുറമേ അധിക ധനസഹായമായി മുതൽ മുടക്കിന്റെ 10%, പരമാവധി 10 ലക്ഷം രൂപ വരെ നൽകി വരുന്നു.

ഇതു കൂടാതെ കെ.എസ്.ഐ.ഡി.സി. യുവസംരംഭകരുടെ സംഭരകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം നല്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട നാല് പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ ലഭ്യമായ 18 പദ്ധതികളുടെ സൂക്ഷ്മ പരിശോധന പുരോഗമിച്ച് വരുന്നു.

വിദ്യാർത്ഥികളിൽ സംരംഭകത്വ ആശയം വളർത്തുന്നതിന്റെ ഭാഗമായി എരുമേലി എം.ഇ.എസ് കോളേജിൽ ഒരു സ്കിൽ ഡവലപ്മെന്റ് സെന്ററും, കൊല്ലം

ടി.കെ.എം. കോളേജ്, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് എന്നിവിടങ്ങളിൽ ഇൻകുബേഷൻ സെന്ററും, കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. എറണാകുളം ജില്ലയിലെ രാജഗിരി ബിസിനസ് സ്കൂൾ, എസ്.സി.എം.എസ് കോളേജ്, മോഡൽ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങി സംസ്ഥാനത്ത് ഒട്ടാകെയുള്ള വിവിധ കോളേജുകളിൽ സംരംഭകത്വ വികസന സെമിനാറുകളും ശില്പശാലകളും നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ